TCHED
6/2/23.....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1551*(2)/2020*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13783**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.അജിത് ആർ. ചന്ദ്രൻ,**
**മൂലയിൽ വീട്,**
**പ്രാക്കുളം പി.ഒ., കൊല്ലം,**
**പിൻ – 691 602.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
**ഹുസൂർ ശിരസ്തദാർ,**
**സീക്രറ്റ്&എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം,**
**ജില്ലാ കളക്ടറുടെ കാര്യാലയം,**
**കൊല്ലം.**

2. **അപ്പീൽ അധികാരി&**
**ഡെപ്യൂട്ടി കളക്ടർ (ജനറൽ),**
**ജില്ലാ കളക്ടറുടെ കാര്യാലയം,**
**കൊല്ലം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23.12.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.11.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.11.2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, വീഡിയോ കോൺഫറൻസിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 09.09.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തിയ ലോവർ ഡിവിഷൻ ക്ലാർക്ക് **(SR for SC/ST) in various departments** എന്ന തസ്തികയിലേയ്ക്ക് ടി സ്ഥാപനത്തിൽ നിന്നും/സ്ഥാപനത്തിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും 2010 ജനുവരി മുതൽ 2020 സെപ്റ്റംബർ വരെ കൊല്ലം ജില്ലയിലേക്ക് SC/ST സംവരണ മാനദണ്ഡം അനുസരിച്ച് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്നും

2) ടി തസ്തിയിലേക്ക് നിലവിൽ ടി സ്ഥാപനത്തിൽ നിന്നും/ സ്ഥാപനത്തിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും എത്ര ഒഴിവുകളാണ് 2010 ജനുവരി മുതൽ 2020 സെപ്റ്റംബർ വരെ കൊല്ലം ജില്ലയിലേക്ക് ഇനി റിപ്പോർട്ട് ചെയ്യാനുള്ളതെന്നും തുടങ്ങി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 08.10.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 2010 ജനുവരി മുതൽ 2020 സെപ്റ്റംബർ വരെയുള്ള 10 വർഷക്കാലയളവിലെ എൽ.ഡി.ക്ലാർക്ക് നിയമനവുമായി ബന്ധപ്പെട്ട SC/ST സംവരണ മാനദണ്ഡം സംബന്ധിച്ച വിവരങ്ങളാണ് വിവരാവകാശ നിയമം അനുസരിച്ചുള്ള അപേക്ഷയിലെ ക്രമനമ്പർ 1, 2, 3 ആയി ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്. ടി വിവരങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്നും ടി സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി കാലയളവിലെ ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ച് ഗ്രഹിക്കുന്നതിന് ടിയാന് 22.10.2020 രാവിലെ 8.00 മണിയ്ക്ക് സമയം അനുവദിച്ച് നൽകുന്നുവെന്നും ആയതിന് ഹർജിക്കാരൻ നേരിട്ട് ഫയൽ പരിശോധിക്കുന്നതിന്

ആദ്യത്തെ 1 മണിക്കൂർ സൗജന്യവും തുടർന്നുള്ള ഓരോ 30 മിനിറ്റിനും അതിന്റെ അംശത്തിനും 10 രൂപാ വീതം ഫീസ് ഒടുക്കേണ്ടതാണെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 23.12.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി എസ്.പി.ഐ.ഒ. യിൽ നിന്ന് ഫയൽ/വിവരങ്ങൾ ലഭ്യമാക്കുകയും ഹർജിക്കാരനെ ഗൂഗിൾ മീറ്റ് വഴി നേരിൽ കേൾക്കുകയുണ്ടായെന്നും ദീർഘമായ കാലയളവിലെ വിവിധ ഫയലുകളിലെ വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത് എന്നതിനാലും ആയവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലുമാണ് വിവരങ്ങൾ നേരിട്ടെത്തി പരിശോധിക്കാവുന്നതാണെന്ന് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയെന്നു എസ്.പി.ഐ.ഒ. അറിയിച്ചുവെന്നും നേരിട്ട് ഹാജരായി ഫആന്റ് പരിശോധിച്ച് പകർപ്പുകളെടുക്കുവാൻ സാധ്യമല്ലെന്നും ആവശ്യപ്പെട്ട വിവരങ്ങളുടെ പകർപ്പുകൾ തപാൽ വഴി നൽകണമെന്നും ഹർജിക്കാരനും അറിയിച്ചുവെന്നാണ്.

എസ്.പി.ഐ.ഒ.യുടെ മറുപടിയും ഹർജിക്കാരനെ കേട്ടതിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നേരിട്ടെത്തി പരിശോധിച്ചു പകർപ്പുകളെടുക്കണെമെന്ന എസ്.പി.ഐ.ഒ.യുടെ മറുപടി തൃപ്തികരമല്ലെന്നു കാണുന്നുവെന്നും ടി കാര്യാലയത്തിൽ നേരിട്ടെത്തി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണെന്നു ഹർജിക്കാരനും അറിയിച്ചിട്ടുണ്ടെന്നാണ്.

ടി സാഹചര്യത്തിൽ ഈ കാര്യാലയത്തിലെ ബന്ധപ്പെട്ട ഫയലുകൾ/രജിസ്റ്ററുകൾ പരിശോധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ SC/ST സംവരണ പ്രകാരമുള്ള എൽ.ഡി.ക്ലാർക്ക് നിയമനത്തിനായി മേൽ കാലയളവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് കൃത്യമായ ഒരു മറുപടി ഒരാഴ്ചയ്ക്കകം ഹർജിക്കാരന് ലഭ്യമാക്കണമെന്ന് എസ്.പി.ഐ.ഒ.& ഹുസൂർ ശിരസ്തദാർ, കളക്ടറേറ്റ്, കൊല്ലത്തിന് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുന്നുവെന്നും ടി ഉത്തരവ് കൈപ്പറ്റി ആയതിന്മേൽ ആക്ഷേപമുള്ള

പക്ഷം ഹർജിക്കാരന് 90 ദിവസത്തിനകം കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണെന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപ്പീൽ തീർപ്പാക്കിയില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ അപ്പീൽ തീർപ്പാക്കൽ ഉത്തരവു എസ്.പി.ഐ.ഒ. നടപ്പാക്കിയിട്ടുള്ളതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/